'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ല - വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ടി.ജെ. ശാമുവേലിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ചാർജ്ജ് വഹിക്കുന്ന പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.849/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/04/2019**

---

പരാമർശം:- 1 കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ ശ്രീ. ആൻസി വർഗ്ഗീസ് സമർപ്പിച്ച അപേക്ഷ

2 പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26.09.2011, 06.07.2012 എന്നീ തീയതികളിലെ ജി4-162/2011 നമ്പർ കത്തുകൾ

3 വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.04.2012, 26.06.2012 എന്നീ തീയതികളിലെ 3533/2011 നമ്പർ കത്തുകൾ

4 സർക്കാരിന്റെ 07.02.2014-ലെ 47933/ഇപിബി2/2012/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ.ടി.ജെ. ശാമുവേൽ സമർപ്പിച്ച 19.05.2014-ലെ പ്രതിവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 22.01.2015-ലെ ഡി6-24705/2012 നമ്പർ കത്ത്

## ഉത്തരവ്

പരാതിക്കാരിയായ ശ്രീമതി. ആൻസി വർഗ്ഗീസിന്റെയും പരിസര വാസികളുടെയും കെട്ടിടത്തിനു സമീപം സമ്മതം വാങ്ങാതെ ഗ്യാസ് ഗോഡൗൺ നിർമ്മിക്കുന്നതായി ആരോപിച്ചുകൊണ്ട് സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിക്ക് മുമ്പാകെ ശ്രീ. ആൻസി വർഗ്ഗീസ് പരാമർശം (1) പ്രകാരം ഹർജി സമർപ്പിരുന്നു. തുടർന്ന് ടി വിഷയത്തിന്മേൽ പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അന്വേഷണം നടത്തി പരാമർശം (2), (3) പ്രകാരം റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. റസിഡൻഷ്യൽ ബിൽഡിംഗിൽ നിന്നും 50 മീറ്റർ ദൂരപരിധി പാലിക്കണമെന്ന വ്യവസ്ഥയോടുകൂടി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണെന്ന് ചീഫ് ടൗൺ പ്ലാനറുടെ 13.07.2010-ലെ സി3-6567/10 സിഡിസ് നമ്പർ ഉത്തരവിൽ ശുപാർശ ചെയ്തിരുന്നെങ്കിലും 50 മീറ്റർ ദൂരപരിധി പാലിക്കാതെയാണ് ഗ്യാസ് ഗോഡൗണിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ടി.ജെ. ശാമുവേൽ കെട്ടിട നമ്പർ അനുവദിച്ചത് നൽകിയതെന്നും ടിയാന്റെ നടപടി ഗുരുതരമായ കൃത്യവിലോപമാണ് എന്നും കണ്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ടി.ജെ. ശാമുവേലിനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ശാമുവേൽ പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ടി.ജെ. ശാമുവേലിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക

തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നതിനാൽ ശ്രീ. ടി.ജെ. ശാമുവേലിനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ടി.ജെ. ശാമുവേലിനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ചാർജ്ജ് വഹിക്കുന്ന ഇടുക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹന്ദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പത്തനംതിട്ട

   (പരാമർശം 1, 2, 3, 4, 5എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. ടി.ജെ. ശാമുവേൽ, മുൻ സെക്രട്ടറി, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ